പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2658

06.11.2019 ലെ മറുപടിയ്ക്ക്.

**ചേലക്കര മോഡൽ റസിഡൻഷ്യൽ സ്കൂൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. യു. ആർ. പ്രദീപ്** | | **എ. കെ. ബാലൻ**<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി | |
| (എ) | വടക്കാഞ്ചേരിയിൽ പ്രവർത്തിക്കുന്ന ചേലക്കര മോഡൽ റസിഡൻഷ്യൽ സ്കൂൾ തിരുവില്ല്വാമലയിൽ പണി കഴിപ്പിച്ച പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റി പ്രവർത്തിപ്പിക്കുന്നതിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (എ) | തിരുവില്വാമലയിൽ നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടത്തിന് ഗ്രാമപഞ്ചായത്തിൽ നിന്നും കെട്ടിട നമ്പർ ലഭിച്ചിട്ടില്ല. കൂടാതെ വൈദ്യുതി കണക്ഷനും ലഭിച്ചിട്ടില്ല. ഇവകൂടി പരിഹരിച്ചാൽ മാത്രമേ ചേലക്കരയിലെ പുതിയ കെട്ടിടത്തിലേക്ക് എം.ആർ.എസ്. മാറ്റി പ്രവർത്തിപ്പിക്കുവാൻ കഴിയുകയുള്ളൂ. |
| (ബി) | ആയതിനായി ഇനിയും എന്തെല്ലാം സൗകര്യങ്ങളാണ് അവിടെ ഒരുക്കേണ്ടത്; വിശദാംശം വ്യക്തമാക്കുമോ; | (ബി) | കെട്ടിട നമ്പർ ലഭിക്കുന്നതിനായി കെട്ടിടത്തിൽ അഗ്നി സുരക്ഷാ സംവിധാനം സ്ഥാപിച്ച് ഫയർ & റസ്ക്യൂ വകുപ്പിൽ നിന്നുമുള്ള അന്തിമ നിരാക്ഷേപസാക്ഷ്യപത്രം ഹാജരാക്കേണ്ടതുണ്ട്. അഗ്നി സുരക്ഷാ സംവിധാനം സ്ഥാപിക്കുന്നതിനുള്ള ടെൻഡർ നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവർത്തികൾക്കുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br>വൈദ്യുതി കണക്ഷനായി കെ.എസ്.ഇ.ബി.-ലിമിറ്റഡിൽ അപേക്ഷ നൽകിയിട്ടുണ്ട്. കെട്ടിട നമ്പർ ലഭ്യമാകുന്ന മുറയ്ക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതാണ്. പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചാൽ സ്ഥാപനം തിരുവില്വാമലയിലുള്ള പുതിയ കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിക്കാവുന്നതാണ്. |
| (സി) | ചേലക്കര മോഡൽ റസിഡൻഷ്യൽ സ്കൂൾ എന്നത്തേയ്ക്ക് തിരുവില്ല്വാമല ക്യാമ്പസിലെക്ക് മാറ്റി പ്രവർത്തിപ്പിക്കുവാൻ കഴിയും; വിശദാംശം വ്യക്തമാക്കുമോ? | (സി) | 2020 - 21 അധ്യയന വർഷം ചേലക്കര മോഡൽ റസിഡൻഷ്യൽ സ്കൂൾ തിരുവില്വാമലയിലേക്ക് മാറ്റുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ